DESPATCHED
On 25/2/23...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2004(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 17244/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ഫെബ്രുവരി 22**

ശ്രീ. അനിൽകുമാർ എസ്സ്.,
ഇൻഷുറൻസ് ഇൻവെസ്റ്റിഗേറ്റർ
(എ.ആർ & അസോസിയേറ്റ്സ്),
റൂം നമ്പർ:6, ഫസ്റ്റ് ഫ്ളോർ,
എഡ്വിൻ സെന്റർ, മതിലിൽ പി.ഒ.,
കൊല്ലം – 691 601.
} **അപ്പീൽ ഹർജിക്കാരൻ**

1) ശ്രീ. പ്രശാന്ത് വി.എസ്.,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൊട്ടാരക്കര പോലീസ് സ്റ്റേഷൻ,
കൊട്ടാരക്കര.
2) ശ്രീ. ജോസഫ് ലിയോൺ,
മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൊട്ടാരക്കര പോലീസ് സ്റ്റേഷൻ,
കൊട്ടാരക്കര.
3) അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
കൊട്ടാരക്കര.
} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 29/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/08/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/08/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 11/11/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/11/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/12/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/01/2023 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2023 - ആഡിയോ/വീഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. അനിൽ കുമാർ എസ്സ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച

അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് ശേഷവും വിവരങ്ങൾ എതിർകക്ഷികൾ നൽകിയില്ല എന്നും ആയതിനാൽ സമയബന്ധിതമായി വിവരം നൽകാത്ത എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 29.06.2022 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കൊട്ടാരക്കര സ്റ്റേഷനിലെ ക്രൈം 2832/17 എന്ന കേസ്സിന്റെ എഫ്.ഐ.ആർ, എഫ്.ഐ.എസ്., സാക്ഷി മൊഴികൾ, കൃത്യസ്ഥല മഹസ്സർ, വാഹന മഹസ്സറുകൾ, എ.എം.വി.ഐ. റിപ്പോർട്ടുകൾ, വൂണ്ട് സർട്ടിഫിക്കറ്റുകൾ/ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ/ഡിസ്ചാർജ്ജ് കാർഡുകൾ/ പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, ചാർജ്ജ് ഷീറ്റ്/ഫൈനൽ റിപ്പോർട്ട്, നോട്ടീസുകൾ, മറുപടികൾ, മൂന്നാംസ്ഥാന കച്ചീട്ടുകൾ, റിപ്പോർട്ടുകൾ, ആർ.സി., ഇൻഷുറൻസ് പോളിസി, ഡ്രൈവിംഗ് ലൈസൻസ്, ഫിറ്റ്നസ്സ്, പെർമിറ്റ്, ഇൻക്വസ്റ്റ് റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ നൽകണമെന്നാണ്.

3. ഹർജിക്കാരൻ 02.08.2022 തീയതി മൂന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം രജിസ്റ്റേർഡ് തപാൽ മുഖേന അയച്ച അപേക്ഷ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ കൈപ്പറ്റിയതിന്റെ അക്നോളഡ്ജ്മെന്റ് കാർഡ് കിട്ടിയിട്ടുള്ളതാണെന്നും എന്നാൽ ടി സ്റ്റേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നാളിതുവരെ യാതൊരുവിധ മറുപടിയും നൽകിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 5.8.2022 തീയതി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം 2832/2017 പ്രകാരമുള്ള കേസിന്റെ വിവരങ്ങൾ 7 ദിവസത്തിനുള്ളിൽ ഹർജിക്കാരന് അയച്ച് നൽകുന്നതിന് എസ്.പി.ഐ.ഒ. & എസ്.എച്ച്.ഒ കൊട്ടാരക്കരയ്ക്ക് 5.8.2022 തീയതി ഇ-മെയിൽ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 13.01.2023 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. അനിൽകുമാർ എസ്., കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം:2832/2017 കേസിന്റെ എഫ്.ഐ.ആർ. തുടങ്ങിയ രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് എസ്.പി.ഐ.ഒ. മുമ്പാകെ അപേക്ഷ നൽകിയിരുന്നു എന്നും ടി കേസിന്റെ സി.ഡി. ഫയൽ കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ഫയൽ റൂമിൽ നിന്നും കണ്ടെടുക്കാൻ സാധിക്കാതിരുന്നതിനാൽ യഥാസമയം അപേക്ഷകന് ആവശ്യപ്പെട്ട രേഖകൾ നൽകുവാൻ കഴിയാതിരുന്നിട്ടുള്ളതാണെന്നും ടി വിവരം അപേക്ഷകനെ യഥാസമയം അറിയിച്ചിരുന്നെന്നും, സി.ഡി. ഫയൽ കണ്ടെത്തി

പകർപ്പുകൾ ലഭ്യമാക്കുന്നതിന് സാവകാശ സമയം ആവശ്യപ്പെട്ടിരുന്നതുമാണെന്നും തുടർന്ന് ടി കേസിന്റെ സി.ഡി. ഫയൽ കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ഫയൽ റൂമിൽ നിന്നും കണ്ടെത്താൻ കഴിയാതിരുന്നതിന്റെ അടിസ്ഥാനത്തിൽ ക്രൈം:2832/2017 നമ്പർ കേസിന്റെ ഫയൽ മിസിംഗ് ആയി പരിഗണിച്ച് ബഹു. ജെ.എഫ്.എം.സി-1, കൊട്ടാരക്കര മുമ്പാകെയുള്ള ടി കേസിലെ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുവദിക്കുന്നതിന് ബഹു. കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതും ആയത് അനുവദിച്ച് ലഭിച്ച മുറയ്ക്ക് ഹർജിക്കാരന് ആയതിന്റെ പകർപ്പ് ടിയാളുടെ വിലാസത്തിലേക്ക് രജിസ്റ്റേർഡ് തപാലായി അയച്ചു നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ ഭാഗത്ത് നിന്നും മന:പൂർവ്വമല്ലാതെ ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിക്കുകയും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ശ്രീ. ജോസഫ് ലിയോണിനേയും നിലവിലുള്ള എസ്.പി.ഐ.ഒ. ശ്രീ. പ്രശാന്ത്, അപ്പീൽ അധികാരി ശ്രീ. വിജയകുമാർ എന്നിവരേയും വീഡിയോ കോൺഫറൻസിലൂടെയും, അപ്പീൽ ഹർജിക്കാരനായ ശ്രീ.അനിൽകുമാറിനെ ഫോൺ വഴിയും കമ്മീഷൻ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ നിരവധി MACT കേസുകൾ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യാറുണ്ടെന്ന് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയ ശ്രീ. ജോസഫ് ലിയോൺ കമ്മീഷനെ അറിയിക്കുകയുണ്ടായി. ആയതിനാലാണ് ശ്രീ.അനിൽകുമാറിന്റെ അപേക്ഷയിൻമേൽ മറുപടി നൽകാൻ വൈകിയതെന്ന് ടിയാൻ ബോധിപ്പിച്ചു. ഇത്തരം ഒഴിവുകഴിവുകൾ അംഗീകരിക്കത്തക്കതല്ല എന്നും കോടതിയിൽ ഹാജരാക്കേണ്ട MACT കേസുമായി ബന്ധപ്പെട്ട രേഖകൾ, കോടതിയിൽ അയക്കുന്നതിനുമുമ്പ് ആയതിന്റെ പകർപ്പ് ഓഫീസിൽ സൂക്ഷിക്കേണ്ടതും, വിവരാവകാശ നിയമ പ്രകാരം ഇത്തരം രേഖകളുടെ പകർപ്പ് ആവശ്യപ്പെടുമ്പോൾ ആയത് എസ്.പി.ഐ.ഒ. സാക്ഷ്യപ്പെടുത്തി നൽകി കാലതാമസം ഒഴിവാക്കേണ്ടതുമാണ് എന്ന് കമ്മീഷൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നു. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൻമേൽ മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയ ശ്രീ. ജോസഫ് ലിയോണിനെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ

ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. MACT കേസുകളിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സമർപ്പിക്കുന്ന MACT കേസുകളുമായി ബന്ധപ്പെട്ട രേഖകൾ കോടതിയിൽ സമർപ്പിക്കുന്നതിനു മുമ്പ് ആയതിന്റെ പകർപ്പ് പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചു വയ്ക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും നിർദ്ദേശം നൽകി സർക്കുലർ ഇറക്കണമെന്ന് കമ്മീഷൻ അപ്പീൽ അധികാരിയോട് നിർദ്ദേശിക്കുന്നു. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അപ്പീൽ അധികാരി സംസ്ഥാന പോലീസ് മേധാവിക്ക് ഉടൻ തന്നെ അറിവിലേയ്ക്കായി അയച്ചു കൊടുക്കേണ്ടതും സംസ്ഥാന പോലീസ് മേധാവി 26.6.2019-ലെ യു3-27610/2010/പി.എച്ച്.ക്യു നമ്പർ സന്ദേശത്തിലെ നിർദ്ദേശങ്ങൾ ഒരിക്കൽ കൂടി രേഖപ്പെടുത്തിയ സർക്കുലർ സംസ്ഥാനമൊട്ടാകെയുള്ള ജില്ലാ പോലീസ് മേധാവികൾക്ക് മേൽ നടപടിയ്ക്കായി അയച്ചു കോടുക്കേണ്ടതാണ്. മേൽ നിർദ്ദേശം നടപ്പിലാക്കുന്നതിലേയ്ക്ക് കമ്മീഷൻ സെക്രട്ടറി ഉത്തരവിന്റെ പകർപ്പ് സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി